"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ശുചിത്വമിഷൻ - ഹരിത കേരളം മിഷൻ - ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷൻ - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ശുചിത്വ പദവി നിർണ്ണയം - മാനദണ്ഡങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്**

**സ.ഉ.(സാധാ) നം.1497/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 12/08/2020

---

പരാമർശം:- (1) 04.03.2020-ന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഹരിതകേരളം മിഷന്റെ ഒൻപതാമത് സംസ്ഥാനതല കർമ്മസേനയുടെ യോഗം.

(2) ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 24.07.2020-ലെ 3619/സി5/2019/എസ്.എം. നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പരാമർശം (1) യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ശുചിത്വ ഗ്രേഡിംഗ് നടത്തി ഹരിത തദ്ദേശസ്വയംഭരണ സ്ഥാപനമാക്കി പ്രഖ്യാപനം നടത്തുന്നതിലേക്ക് ശുചിത്വ മിഷനും ഹരിതകേരളം മിഷനും സംയുക്തമായി കരട് മാനദണ്ഡങ്ങൾ തയ്യാറാക്കുകയും ആയത് പരാമർശം (2) പ്രകാരം ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാർ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. "ഹരിതകേരളം മിഷൻ - ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷൻ- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ശുചിത്വ പദവി നിർണ്ണയം" സംബന്ധിച്ച് ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്ന മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ശാരദ മുരളീധരൻ ഐ എ എസ്**

**പ്രിൻസിപ്പൽ സെക്രട്ടറി**

വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ജി.&എസ്.എസ്.എ) / (ഇ.&ആർ.എസ്.എ), കേരള, തിരുവനന്തപുരം.
എല്ലാ കോർപ്പറേഷൻ / മുനിസിപ്പാലിറ്റി സെക്രട്ടറിമാർക്കും.
(നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന).
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വിവരപൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
ഓഫീസ് കോപ്പി / കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signature Not Verified
Digitally signed by SMITHA B CHANDRA
Date: 2020.08.12 16:15:37 IST
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ് :
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്.
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.
തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ.

# ഹരിതകേരളം മിഷൻ - ശുചിത്വ മാലിന്യ സംസ്കരണ ഉപദൗത്യം

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ശുചിത്വ പദവി നിർണ്ണയം

I. **<u>വിലയിരുത്തൽ ഘടകങ്ങൾ</u>**

**ഗ്രാമപഞ്ചായത്ത്/നഗരസഭയുടെ പേര്, ജില്ല:**

- **ആകെ വീടുകളുടെ എണ്ണം:**
- **ആകെ സ്ഥാപനങ്ങളുടെ എണ്ണം:**
- **ആകെ ചന്തകളുടെ എണ്ണം:**

ഓരോയിനത്തിനും പ്രവർത്തന പുരോഗതിക്കനുസരിച്ച് 0-05 സ്കെയിലിൽ മാർക്ക് നൽകാവുന്നതാണ്.

| ക്രമ നം | വിഭാഗം | മാനദണ്ഡം | മാർക്ക് | ലഭിച്ച മാർക്ക് |
|---|---|---|---|---|
| 1. | | മാലിന്യ പരിപാലന പ്രവർത്തങ്ങൾക്കായി ഹരിത കർമ്മസേന പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ? | ഇല്ല- 0<br>ഉണ്ട് - 5 | |
| 2. | | ഹരിതകർമ്മ സേന വാതിൽപ്പടി സേവനം നല്കുന്ന വീടുകളുടെ എണ്ണം | ഇല്ല- 0<br><30-1<br>31-40% -2<br>41-50%-3<br>51-60%-4<br>>61%-5 | |
| 3. | | യൂസർഫീ സ്ഥിരമായി നല്കുന്ന വീടുകളുടെ എണ്ണം | ഇല്ല- 0<br><30-1<br>31-40% -2<br>41-50%-3<br>51-60%-4<br>>61%-5 | |

| | | | | |
|---|---|---|---|---|
| 4. | **ജൈവ /അജൈവ മാലിന്യ പരിപാലനം** | ഉറവിടത്തിലോ/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയോ ജൈവ മാലിന്യ സംസ്കരണം നടത്തുന്ന വീട്ടുകളുടെ എണ്ണം (വീട്ടുകളിലും/സ്ഥാപനങ്ങളിലും/പൊതു ജൈവ മാലിന്യ സംസ്കരണ യൂണിറ്റ് മുഖേനയും) | ഇല്ല- 0<br><30-1<br>31-40% -2<br>41-50%-3<br>51-60%-4<br>>61%-5 | |
| 5. | | ഹരിതകർമ്മ സേന സേവനം നല്കുന്ന സ്ഥാപനങ്ങളുടെ എണ്ണം | ഇല്ല- 0<br><30-1<br>31-40% -2<br>41-50%-3<br>51-60%-4<br>>61%-5 | |
| 6. | | യൂസർഫീ സ്ഥിരമായി നല്കുന്ന സ്ഥാപനങ്ങളുടെ എണ്ണം | ഇല്ല- 0<br><30-1<br>31-40% -2<br>41-50%-3<br>51-60%-4<br>>61%-5 | |

| | | | | |
|---|---|---|---|---|
| 7. | | ഉറവിടത്തിലോ/തദ്ദേശസ്വയംഭരണ സ്ഥാപനം മുഖേനയോ ജൈവ മാലിന്യ സംസ്കരണം നടത്തുന്ന സ്ഥാപനങ്ങളുടെ എണ്ണം | ഇല്ല- 0<br><30-1<br>31-40% -2<br>41-50%-3<br>51-60%-4<br>>61%-5 | |
| 8. | AssPh<br>**അജൈവ വസ്തുക്കൾ - ശേഖരണം, സംഭരണം, കൈയ്യൊഴി** | മിനി എം.സി.എഫ്<br>എം.സി.എഫ്<br>ആർ.ആർ.എഫ് - ക്ലീൻ കേരള കമ്പനി ലിങ്കേജ്<br>(വാർഡ് തലത്തിൽ മിനി എം.സി.എഫ്, ത.സ്വ.ഭ സ്ഥാപന തലത്തിൽ എം.സി.എഫ്, ക്ലസ്റ്റർ തലത്തിൽ ആർ.ആർ.എഫ് അല്ലെങ്കിൽ ആർ.ആർ.എഫ് ലിങ്കേജ്, ക്ലീൻ കേരള കമ്പനിയുമായി എഗ്രിമെന്റ് എന്നിവ) | ഇല്ല - 0<br>മിനി എം.സി.എഫ് മാത്രം-1<br>മിനി എം.സി.എഫ്- എം.സി.എഫ് ലിങ്കേജ് - 2<br>എം.സി.എഫ്-ആർ.ആർ.എഫ് ലിങ്കേജ്-3<br>മിനി എം.സി.എഫ്- എം.സി.എഫ്-ആർ.ആർ.എഫ് ലിങ്കേജ്-4 | |

| | | | | |
|---|---|---|---|---|
| | **യൽ** | | മിനി എം.സി. എഫ്- എം.സി. എഫ് -ആർ. ആർ.എഫ് ക്ലീന് കേരള കമ്പനി ലിങ്കേജ് - 5 /ഏജൻസി ലിങ്കേജ് വിത്ത് പ്രോപ്പർ ലിങ്കേജ് | |
| | | | | |
| 9 | **പൊതു ശുചിമുറികൾ** | പൊതുശുചിമുറികൾ ഉപയോഗ യോഗ്യമായ ശുചിത്വമുള്ള പൊതുശൗചാലയങ്ങൾ | ഇല്ല - 0 | |
| | | | കുറഞ്ഞത്-2-1 | |
| | | (സ്ത്രീകൾക്കും കുട്ടികൾക്കും കൂടി ഉപയോഗിക്കാൻ കഴിയുന്നതരത്തിലുള്ളത്) | ഉണ്ട് – 3 | |
| | | ഭിന്നശേഷക്കാർക്കും കൂടി ഉപയോഗിക്കാൻ കഴിയുന്ന തരത്തിലുള്ളത്) | ഉണ്ട് - 5 | |
| 10 | വൃത്തി, ശുചിത്വം | മാലിന്യ കൂമ്പാരങ്ങൾ | ഉണ്ട് - 0 | |
| | | | ഇല്ല-4 | |
| 11 | | പൊതു നിരത്തുകൾ - വൃത്തിയുള്ളത് - | ഇല്ല - 0 | |
| | | | ഉണ്ട് -5 | |
| 12 | | ജലാശയങ്ങൾ വൃത്തിയുള്ളതാണോ | ഇല്ല - 0 | |
| | | | അതെ -4 | |
| 13 | **ദ്രവ മാലിന്യ സംസ്കരണം** | ഖര-ദ്രവ മാലിന്യ പരിപാലന നിയമം നടപ്പിലാക്കിയിട്ടുണ്ടോ ? | ഇല്ല - 0 | |
| | | | ഉണ്ട് - 5 | |

ഉണ്ട് എന്നാണുത്തരമെങ്കിൽ പിഴ ഈടാക്കിയത് സംബന്ധിച്ച വിവരങ്ങൾ ചേർക്കണം.

| | | | | |
|---|---|---|---|---|
| 14 | **നിയമ നടപടികൾ** | a. ഡിസ്പോസബിൾ വസ്തുക്കൾ, നിരോധിത പ്ലാസ്റ്റിക്ക് ഉത്പന്നങ്ങൾ, പ്ലാസ്റ്റിക് ക്യാരിബാഗുകൾ, എന്നിവയുടെ വിപണനം നിരോധിച്ചിട്ടുണ്ടോ? | ഇല്ല - 0<br>ഉണ്ട് - 5 | |
| | | • നിരോധിത പ്ലാസ്റ്റിക് ഉത്പന്നങ്ങൾ പിടിച്ച ◌െട്ടുത്തിട്ടുണ്ടോ?<br>ഉണ്ടെങ്കിൽ<br>2019 മുതൽ പിടിച്ചെ ടുത്ത പ്ലാസ്റ്റിക്കിന്റെ തൂക്കം \| കി.ഗ്രാം \| 2019-20 ൽ ഈടാക്കിയ ആകെ തുക \| Rs.<br>(അളവും തുകയും പരിശോധിച്ച് അനുയോജ്യ മാർക്ക് നല്കാവുന്നതാണ്). | ഇല്ല-0<br>ഭാഗികം – 3<br>ഉണ്ട് - 5 | |
| | | b. മാലിന്യം വലിച്ചെറിയൽ/ കത്തിയ്ക്കൽ/ ജലസ്രോതസ്സുകളിൽ ഒഴുക്കിവിടൽ എന്നിവയ്ക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ<br>കേസുകൾ സംബന്ധിച്ച വിവരം \| കേസുകളുടെ എണ്ണം \| ഈടാക്കിയ പിഴ \| രൂപ | ഇല്ല-0<br>ഉണ്ട്-5 | |
| | **പൊടിച്ച പ്ലാസ്റ്റിക്ക്** | a. റോഡ് ടാറിംഗിന് പൊടിച്ച പ്ലാസ്റ്റിക് ഉപയോഗിക്കപ്പെടുത്തിയിട്ടുണ്ടോ? ഉണ്ടെങ്കിൽ തൂക്കം \| കി.ഗ്രാം | | |
| | | b. എത്ര കിലോമീറ്റർ റോഡ് ഈ രീതീയിൽ ടാറിംഗ് ചെയ്തിട്ടുണ്ട് ? \| കി.മീ | ഇല്ല-0 | |

| | | | | | |
|---|---|---|---|---|---|
| 15 | **ഉപയോഗപ്പെടുത്തൽ** | c. മറ്റ് വകുപ്പുകൾക്ക് കൈമാറിയ പൊടിച്ച പ്ലാസ്റ്റിക്കിന്റെ അളവ്<br><br>(തൂക്കത്തിനും കിലോമീറ്ററിനും ആനുപാതിക മായി മാർക്ക് നല്കാവുന്നതാണ്) | കി.ഗ്രാം | ഭാഗികം-3<br>ഉണ്ട്-5 | |
| 16 | **ഗ്രീൻപ്രോട്ടോകോൾ** | a. തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിൽ ഗ്രീൻ - പ്രോട്ടോക്കോൾ നടപ്പാക്കിയിട്ടുണ്ടോ?<br><br>(തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഓഫീസ്, മറ്റ് ഓഫീസുകൾ, സ്കൂളുകൾ, കോളേജുകൾ, ആരാധനാലയങ്ങൾ, സ്ഥാപനങ്ങൾ , വിവാഹങ്ങൾ, ഉത്സവങ്ങൾ, ആഘോഷങ്ങൾ , മതപഠന സ്ഥാപനങ്ങൾ തുടങ്ങിയയിടങ്ങളിൽ ) | | ഇല്ല - 0<br>ഭാഗികം - 3<br>ഉണ്ട് - 5 | |
| | | • ഗ്രീൻപ്രോട്ടോകോൾ പ്രവർത്തനങ്ങളിലൂടെ കുറയ്ക്കാനായ ആകെ മാലിന്യത്തിന്റെ അളവ് | കി.ഗ്രാം | | |
| | | b. ഗ്രീൻപ്രോട്ടോകോൾ യൂണിറ്റ് സജ്ജീകരിച്ചിട്ടുണ്ടോ?<br><br>• ഉണ്ടെങ്കിൽ ലഭിക്കുന്ന പ്രതിമാസ വരുമാനം | Rs. | ഇല്ല - 0<br>ഉണ്ട് - 5 | |
| 17 | **ബദൽ സംവിധാനം** | ബദൽ ഉല്പ്പന്നങ്ങളുടെ വില്പ്പനയിലൂടെ വരുമാനം നേടുന്നുണ്ടോ?<br><br>• ഉണ്ടെങ്കിൽ പ്രതിമാസം നേടുന്ന തുക | Rs. | ഇല്ല - 0<br>ഭാഗികം - 2<br>ഉണ്ട് – 3 | |
| 18 | **പുനരുപയോഗം** | സ്വാപ്പ് ഷോപ്പ്, റിപ്പയർ ഷോപ്പ് തുടങ്ങിയവ പ്രവർത്തിക്കുന്നുണ്ടോ? | | ഇല്ല - 0<br>താത്കാലികം - 1<br>ഉണ്ട്-2 | |

| | | | | |
|---|---|---|---|---|
| 19. | **ജനകീയ പങ്കാളിത്തം** | • സമഗ്ര ശുചിത്വ-മാലിന്യ സംസ്കരണ സന്ദേശം ജനങ്ങളിൽ എത്തിക്കുന്നതിനും ശീലവല്ക്കരണത്തിനുമായി ബഹുജന വിദ്യാഭ്യാസ പരിപാടികൾ നടത്തിയിട്ടുണ്ടോ? (വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ)<br>• ഉണ്ടെങ്കില് എണ്ണം?<br>(പരിപാടികളുടെ പട്ടിക അറ്റാച്ച് ചെയ്യുക) അപഗ്രഥിച്ച് ആനുപാതികമായി മാർക്ക് നല്കുക | ഇല്ല - 0<br>ഭാഗികം - 3<br>ഉണ്ട്-5 | |
| 20 | **ഹരിത സഹായ സ്ഥാപനം** | ഹരിത സഹായ സ്ഥാപനം/ഇതര അംഗീകൃത സാങ്കേതിക സഹായ സ്ഥാപനങ്ങളുടെ സേവനം ആസൂത്രണ നിർവ്വഹണ പ്രവർത്തനങ്ങൾക്ക് സർക്കാർ ഉത്തരവുപ്രകാരമുള്ള സേവനം പ്രയോജനപ്പെടുത്തുകയും ചെയ്തിട്ടുണ്ടോ ? | ഇല്ല- 0 | |
| | | | **ആകെ മാർക്ക്** | **ആകെ ലഭിച്ച മാർക്ക്** |
| | | | **ഗ്രേഡ്** | |
| 21 | | **റിമാർക്സ്** | | |
| | | | | |

**പരിശോധകസംഘാംഗങ്ങളുടെ പേര്, തസ്തിക, ഫോൺ നമ്പർ, ഇ-മെയിൽ.** **ഒപ്പ്**

**1.**

**2.**

**3.**

**4.**

**5.**

**പരിശോധകസംഘം കൺവീനറുടെ പേര്, തസ്തിക, ഫോൺ നമ്പർ , ഇ-മെയിൽ.**
**ഒപ്പ്**

•

**അന്തിമപരിശോധന നടത്തുന്ന അവലോകന സമിതി അംഗം/ കൺവീനർ /ചെയർമാന്റെ പേര്, തസ്തിക**

**ഒപ്പ്**

**ശുചിത്വ മിഷൻ, തദ്ദേശസ്വയംഭരണ വകുപ്പ്**

**രണ്ടുതരത്തിലുള്ള പ്രവർത്തനങ്ങൾ മുഖ്യമായി നിർവഹിക്കേണ്ടി വരും. ശുചിത്വ പദവി കൈവരിക്കുന്നതിനു മുന്നോടിയായി നടക്കേണ്ട സംഘടന പ്രവർത്തനങ്ങളും ശുചിത്വപദവി നിശ്ചയിക്കുന്നതിനുള്ള ശുചിത്വ പദവി അവലോകന സമിതിയുടെ വിലയിരുത്തൽ നടപടികളും ഇതിനായി രണ്ടു കൺവീനർമാർ പ്രവർത്തിക്കണം.**

**II. എ. <u>ശുചിത്വ പദവി അവലോകന സമിതി</u>**

**ചെയർമാൻ** : ജില്ലാ കളക്ടർ

അംഗങ്ങൾ : ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ - ഹരിതകേരളം, ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ - ശുചിത്വമിഷൻ, ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ - കുടുംബശ്രീ, ഡെപ്യൂട്ടി ഡയറക്ടർ പഞ്ചായത്ത്, റീജിയണൽ ജോയിന്റ് ഡയറക്ടർ - നഗരകാര്യം, മാനേജർ ക്ലീൻ കേരളാ കമ്പനി ലിമിറ്റഡ്, ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ പ്രോഗ്രാം മാനേജർ - ദേശീയ ആരോഗ്യദൗത്യം, ഹരിതകേരളം മിഷന്റെ ശുചിത്വ മാലിന്യ പ്രവർത്തനങ്ങളിൽ ഉള്ള വിദഗ്ധരായ രണ്ട് ആർ.പി.മാർ

ശുചിത്വപദവി നല്കുന്ന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട്

കൺവീനർമാർ :

1. ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ - ശുചിത്വ മിഷൻ ശുചിത്വ പദവി - ജില്ലാ ടാർജറ്റ് - ലക്ഷ്യം കൈവരിക്കുന്നതിനുള്ള സംഘാടനവും ഏകോപനവും, ശുചിത്വ പദവി അവലോകന സമിതിയുടെ പ്രവർത്തനത്തിന് ആവശ്യമായ ഭൗതിക സൗകര്യങ്ങളും യാത്രാ ക്രമീകരണങ്ങളും.
2. ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ ഹരിതകേരളം മിഷൻ ശുചിത്വ പദവി അവലോകന സമിതിയുടെ പ്രവർത്തനം, ശുചിത്വ പദവി അവലോകന സമിതിയുടെ റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള ഏകോപനം, ശുചിത്വ പദവി അവലോകന സമിതിയുടെ റിപ്പോർട്ട് കമ്മിറ്റിക്ക് സമർപ്പിക്കൽ.

- ശുചിത്വ പദവി കൈവരിക്കുന്നതിനായി നടത്തേണ്ട പ്രവർത്തനങ്ങൾ സമയബന്ധിതമായി സംഘടിപ്പിക്കൽ
- ശുചിത്വ പദവി അവലോകന സമിതിയുടെയും പരിശോധക സംഘത്തെയും തീരുമാനിച്ചു കൊണ്ടുള്ള ജില്ലാ കളക്ടറുടെ ഉത്തരവ് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നല്കേണ്ടതും പരിശോധന തീയതി മുൻകൂട്ടി അറിയിക്കേണ്ടതുമാണ്.
- പരാതികൾ, ആക്ഷേപങ്ങൾ എന്നിവയിൽ ശുചിത്വ പദവി അവലോകന സമിതി ചെയർമാന്റെ തീരുമാനം അന്തിമമായിരിക്കും.

**ബി. ശുചിത്വ പദവി അവലോകന സമിതിയുടെ ചുമതലകൾ**

- പരിശോധകസംഘത്തെ തെരഞ്ഞെടുക്കൽ, ടീം രൂപീകരിക്കൽ
- പരിശോധനാ കലണ്ടർ തയ്യാറാക്കൽ
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അറിയിപ്പുകൾ നല്കൽ
- പരിശോധകസംഘത്തിന്റെ പരിശീലനം, മോണിറ്ററിംഗ്
- അന്തിമ അവലോകന റിപ്പോർട്ട് തയ്യാറാക്കൽ, പരാതി പരിഹരിക്കൽ
- ശുചിത്വ പ്രഖ്യാപനം നടത്തൽ

**III. <u>എ. പരിശോധക സംഘം</u>**

1. ശുചിത്വ പദവി അവലോകന സമിതി അംഗങ്ങൾ സംയുക്തയോഗം ചേർന്ന് വേണം പരിശോധകസംഘത്തെ രൂപീകരിക്കേണ്ടത്.

2. ശുചിത്വ പദവി അവലോകന സമിതി അംഗങ്ങളുടെ ഓഫീസുകളിൽ നിന്ന് ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥർ ജില്ലാ ശുചിത്വമിഷനിലെയും ഹരിതകേരളം മിഷനിലെയും ഓഫീസുകളിൽ നിന്ന് ചുമതലപ്പെടുത്തുന്ന റിസോഴ്സ് പേഴ്സൺമാർ, മാലിന്യസംസ്കരണ മേഖലയിലെ വിദഗ്ദ്ധർ, മാലിന്യസംസ്കരണ മേഖലയിൽ പ്രവർത്തിച്ചുവരുന്ന സന്നദ്ധ സംഘടനകളുടെ മേധാവിമാർ എന്നിവരെ ഉൾപ്പെടുത്തി പരിശോധക സംഘത്തെ രൂപീകരിക്കാവുന്നതാണ്.

3. ഓരോ ജില്ലയിലെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആകെ എണ്ണത്തിന് ആനുപാതികമായി പരമാവധി 5 ടീം വരെ രൂപീകരിച്ച് പരിശോധനയ്ക്കായി നിയോഗിക്കാവു ന്നതാണ്.

4. ഓരോ പരിശോധകസംഘത്തിനും കൺവീനർമാരെ നിയോഗിക്കേണ്ടതാണ്.

5. നിലവിലെ ഹരിതസഹായ സ്ഥാപനങ്ങളിൽ നിന്നുള്ളവരെ പരിശോധക സംഘത്തിൽ ഉൾപ്പെടുത്താൻ പാടുള്ളതല്ല.

**ബി. പരിശോധകസംഘത്തിന്റെ ചുമതലകൾ**

- ശുചിത്വ പദവി അവലോകനസമിതി ചെയർമാന്റെ നിർദ്ദേശാനുസരണം പ്രവർത്തിക്കുക
- സമയബന്ധിതമായി വിലയിരുത്തൽ പ്രവൃത്തി പൂർത്തീകരിക്കുക
- ദിവസേനയുള്ള റിപ്പോർട്ട് ശുചിത്വ പദവി അവലോകന സമിതിക്ക് സമർപ്പിക്കുക.
- സ്കോർഷീറ്റ് കൃത്യമായി പൂരിപ്പിച്ച് ഒപ്പ് വച്ച് ശുചിത്വ പദവി അവലോകന സമിതിക്ക് സമർപ്പിക്കുക

## IV. വിലയിരുത്തൽ രീതി

- ശുചിത്വമിഷൻ, ഹരിതകേരളം മിഷൻ ജില്ലാ കോ-ഓർഡിനേറ്റർമാർ, ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ - കുടുംബശ്രീ, ഡെപ്യൂട്ടി ഡയറക്ടർ പഞ്ചായത്ത്, റീജിയണൽ ജോയിന്റ് ഡയറക്ടർ - നഗരകാര്യം, മാനേജർ, ക്ലീൻ കേരളാ കമ്പനി ലിമിറ്റഡ്, ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ പ്രോഗ്രാം മാനേജർ - ദേശീയ ആരോഗ്യദൗത്യം എന്നിവർ സംയുക്തയോഗം ചേർന്ന് തീരുമാനിക്കുന്ന ടീമാണ് വിലയിരുത്തൽ നടത്തേണ്ടത്.
- വിലയിരുത്തൽ ഘടകത്തിൽ സൂചിപ്പിച്ച പ്രകാരം 0-5 എന്ന ക്രമത്തിൽ മാർക്ക് നല്കാവുന്നതും പരമാവധി മാർക്ക് 100 ആയി നിജപ്പെടുത്തേണ്ടതുമാണ്. മാർക്ക് നിർണ്ണയത്തിന് ശേഷം ഗ്രേഡ് നിശ്ചയിക്കാവുന്നതാണ്.
- എല്ലാ മാനദണ്ഡങ്ങളും ഉള്പ്പെടുത്തി വിലയിരുത്തൽ നടത്തിയ ശേഷമാണ് ഗ്രേഡ് നിര്ണയം നടത്തേണ്ടത്.

## V. പരിശോധനാ കലണ്ടർ

ശുചിത്വ പദവി അവലോകന സമിതി ചെയർമാന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്ന് ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും പരിശോധനാ തീയതി നിശ്ചയിച്ച് അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പോകേണ്ട പരിശോധകസംഘത്തിന്റെ ലിസ്റ്റും ഉൾപ്പെടുത്തി ഒരു കലണ്ടർ തയ്യാറാക്കി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങള്ക്ക് നല്കേണ്ടതാണ്.

## VI. ശുചിത്വ പദവി നിർണ്ണയം

- ആകെ 100 മാർക്കിലാണ് നിർണ്ണയം നടത്തേണ്ടത്. 60 മാർക്കിൽ കൂടുതൽ ലഭിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ശുചിത്വ പദവി ലഭിച്ചതായി കണക്കാക്കാവുന്നതാണ്.